# NATIONAL BULLETIN

**DATE: 09.07.2024** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). ഇന്ത്യ കഴിഞ്ഞ 10 വർഷത്തിനിടെ കൈവരിച്ച വികസന പുരോഗതി ലോകരാജ്യങ്ങളെ അതിശയിപ്പിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. മോസ്കോയിൽ ഇന്ത്യൻ സമൂഹത്തെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു.

**The world is surprised to see the pace of development that the country has achieved in the last 10 years, says PM Narendra Modi while addressing Indian community in Moscow, Russia.**

2) അഞ്ച് സൈനികരുടെ വീരമൃത്യുവിനിടയാക്കിയ കത്വ ഭീകരാക്രമണത്തിൽ രാഷ്ട്രപതിയും, രാജ്യരക്ഷാമന്ത്രിയും ദുഖം രേഖപ്പെടുത്തി. മേഖലയിൽ സുരക്ഷാസേന ഭീകരർക്കായി തിരച്ചിൽ ശക്തമാക്കി.

**President Droupadi Murmu and Defence Minister Rajnath Singh has expressed grief over the loss of five Indian Army Soldiers in a terrorist attack in Kathua, Jammu and Kashmir. Massive joint search operation was today launched by the security forces to track down terrorists responsible for the deadly terror attack.**

3) സംസ്ഥാനത്തെ കാർഷിക പ്രതിസന്ധി സംബന്ധിച്ച ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്കൗട്ട്.

**Opposition Walkout in Kerala Assembly over agrarian crisis across the state.**

4) എൽ.പി.ജി മസ്റ്ററിങ്ങിന് സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടില്ലെന്നും, ഉപഭോക്താക്കൾക്ക് മൊബൈൽ ആപ്പ് വഴി പ്രക്രിയ പൂർത്തിയാക്കാൻ സാധിക്കുമെന്നും കേന്ദ്രമന്ത്രി ഹർദ്ദീപ് സിങ്ങ് പുരി.

**Union Petroleum and Natural Gas Minister Hardeep Singh Puri today said that there is no deadline for LPG mustering process from either the OMCs or the Central Government and customers can even complete the process using OMCs' mobile apps.**

5) പാരീസ് ഒളിമ്പിക്സിൽ ഷൂട്ടിങ്ങ് താരം ഗഗൻ നാരംഗ് ഇന്ത്യൻ സംഘത്തെ നയിക്കും.

**Gagan Narang, four time Olympian and 2012 Olympic Games men's 10 meter Air Rifle bronze medalist, will lead ndian contingent as the the Chef-de-Mission in the Paris 2024 Olympic Games.**

$$$$$$$$$$$$$$$$$$$$

**HEADLINE-1**

**PM MOSCOW – INTRO**

*ഇന്ത്യ കഴിഞ്ഞ 10 വർഷത്തിനിടെ കൈവരിച്ച വികസന പുരോഗതി ലോകരാജ്യങ്ങളെ അതിശയിപ്പിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി. മോസ്കോയിൽ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. ആത്മവിശ്വാസം നിറഞ്ഞ രാജ്യമായി ഇന്ത്യ മാറിക്കഴിഞ്ഞതായും, ഇതാണ് രാജ്യത്തിൻറെ ഏറ്റവും വലിയ സമ്പത്തെന്നും അദ്ദേഹം വ്യക്തമാക്കി. മൂന്നാം തവണയും പ്രധാനമന്ത്രി സ്ഥാനത്തെത്തിയപ്പോൾ രാജ്യത്തിനായി 3 മടങ്ങ് കൂടുതൽ ശക്തിയിലും വേഗത്തിലുമാണ് താൻ പ്രവർത്തിക്കുന്നതെന്നും ശ്രീ മോദി പറഞ്ഞു. ഇന്ത്യയെ ലോകത്തിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി.*

*(ഹോൾഡ് - പി എം വോയിസ്)*

$$$$$$$$$$$$$$$$$$$$

## PM RUSSIA VISIT

22-ാമത് ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടിയ്ക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദിയും റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനും സംയുക്തമായി അധ്യക്ഷത വഹിക്കും. പ്രതിരോധം, വ്യാപാരം, നിക്ഷേപം, ഊർജ സഹകരണം, സംസ്കാരം, വിദ്യാഭ്യാസം തുടങ്ങിയ ഉഭയകക്ഷി വിഷയങ്ങൾ ഉച്ചകോടി ചർച്ച ചെയ്യും. പരസ്പര താത്പര്യമുള്ള ആഗോള- പ്രാദേശിക വിഷയങ്ങളിലും ഇരു നേതാക്കളും ചർച്ച നടത്തും. ബ്രിക്സ്, ഷാങ്ഹായ്, ജി 20, കിഴക്കൻ ഏഷ്യ ഉച്ചകോടി തുടങ്ങിയ രാജ്യാന്തര സംഘടനകളുടേയും, ഐക്യരാഷ്ട്രസഭയുടെയും ഉഭയകക്ഷി ഇടപെടലുകളുടെ പുരോഗതിയും ഇരു നേതാക്കളും വിലയിരുത്തും. ദ്വിരാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി ഇന്നലെ മോസ്കോയിലെത്തിയ ശ്രീ മോദിക്ക് ഊഷ്മളമായ വരവേൽപാണ് ലഭിച്ചത്. റഷ്യൻ ഉപ പ്രധാനമന്ത്രി ഡെനിസ് മാന്തുറോവ് അദ്ദേഹത്തെ സ്വീകരിക്കാൻ എത്തിയിരുന്നു. വ്ളാഡിമിർ പുടിൻ ഒരുക്കിയ അത്താഴ വിരുന്നിലും അദ്ദേഹം ഇന്നലെ പങ്കെടുത്തു. രണ്ടാം ലോക മഹായുദ്ധത്തിൽ ജീവൻ ബലിയർപ്പിച്ച റഷ്യൻ സൈനികരുടെ സ്മരണാർത്ഥമുള്ള ക്രംലിനിലെ സ്മാരകത്തിൽ അദ്ദേഹം പുഷ്പചക്രം അർപ്പിക്കും. തുടർന്ന് ശ്രീ നരേന്ദ്രമോദിയും വ്ളാഡിമിർ പുടിനും തമ്മിൽ ഉഭയകക്ഷി ചർച്ചകളിലേർപ്പെടും. യാത്രയുടെ രണ്ടാം പാദത്തിൽ ഇന്ന് ഓസ്ട്രിയ സന്ദർശിക്കുന്ന പ്രധാനമന്ത്രി ഓസ്ട്രിയൻ ചാൻസലറുമായി ഉഭയകക്ഷി ചർച്ച നടത്തും.

$$$$$$$$$$$$$$$$$$$$

## PREZ – TERRORIST ATTACK

ജമ്മു കശ്മീരിലെ കത്വ ജില്ലയിൽ സൈനികരുടെ വാഹനവ്യൂഹത്തിന് നേരെയുണ്ടായ ഭീകരാക്രമണം അപലപനീയമാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു . പോരാട്ടത്തിൽ ജീവൻ ബലിയർപ്പിച്ച ധീര സൈനികരുടെ കുടുംബത്തിനൊപ്പം ദുഖത്തിൽ പങ്ക് ചേരുന്നതായും രാഷ്ട്രപതി പറഞ്ഞു. പരിക്കേറ്റവർ വേഗത്തിൽ സുഖം പ്രാപിക്കട്ടെയെന്നും രാഷ്ട്രപതി ആശംസിച്ചു.

$$$$$$$$$$$$$$$$$$$$

## HEADLINE-2

**RAJNATH – TERRORIST ATTACK**

അഞ്ച് സൈനികരുടെ വീരമൃത്യുവിനിടയാക്കിയ കത്വ ഭീകരാക്രമണത്തിൽ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ് ദുഖം രേഖപ്പെടുത്തി. പരിക്കേറ്റ സൈനികർ എത്രയും പെട്ടെന്ന് സുഖം പ്രാപിക്കട്ടെയെന്നും അദ്ദേഹം ആശംസിച്ചു. സൈനികരുടെ കുടുംബങ്ങൾക്കൊപ്പം രാജ്യമൊന്നടങ്കം നിലകൊള്ളുന്നതായി അനുശോചന സന്ദേശത്തിൽ ശ്രീ രാജ്നാഥ് സിങ്ങ് പറഞ്ഞു. ഭീകര പ്രവർത്തനം അവസാനിപ്പിച്ച് മേഖലയിൽ സമാധാനം ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ തുടരുകയാണെന്നും അദ്ദേഹം വ്യക്തമാക്കി. കത്വയിലെ മച്ചേഡി മേഖലയിൽ ഇന്നലെ വൈകുന്നേരം പതിവ് പട്രോളിങ് നടത്തുകയായിരുന്ന സൈനിക വാഹനത്തിന് നേരെ ഗ്രനൈഡ് എറിഞ്ഞ ശേഷം ഭീകരർ വെടിയുതിർക്കുകയായിരുന്നു. മേഖലയിൽ ഭീകരർക്കായി തിരച്ചിൽ ശക്തമാക്കിയിട്ടുണ്ട്. സൈന്യവും, പോലീസും, സിആർപിഎഫും ചേർന്നാണ് തിരച്ചിൽ നടത്തുന്നത്. ഹെലികോപ്ടർ, യുഎവി മാർഗ്ഗങ്ങളും തിരച്ചിലിനായി ഉപയോഗിക്കുന്നുണ്ട്. നാലോളം ഭീകരർ ആക്രമണത്തിന് പിന്നിൽ പ്രവർത്തിച്ചതായാണ് പ്രാഥമിക നിഗമനം.

സംഭവത്തിന്റെ പശ്ചാത്തലത്തിൽ ജമ്മു ദേശീയ ഹൈവേയിലും സുരക്ഷ ശക്തമാക്കി. അമർനാഥ് തീർത്ഥാടകരുടെ സുരക്ഷ കൂടി മുന്നിൽകണ്ടാണ് നടപടി.

$$$$$$$$$$$$$$$$$$$$$$

**HEADLINE-3**

**KERALA OPPOSITION WALKOUT**

സംസ്ഥാനത്തെ കാർഷിക പ്രതിസന്ധി സംബന്ധിച്ച ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്കൗട്ട്. സംസ്ഥാനത്ത് ഉഷ്ണതരംഗത്തിലും അതി തീവ്ര മഴയിലും കൃഷി നാശം സംഭവിച്ചത് മൂലം കർഷകർ നേരിടുന്ന പ്രതിസന്ധി നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷത്ത് നിന്ന് കുറുക്കോളി മൊയ്തീൻ ആണ് ഉപക്ഷേപത്തിന് നോട്ടീസ് നൽകിയത്. കൃഷി നാശത്തിന് ഇരയാകുന്ന കർഷകർക്ക് കൃത്യമായ നഷ്ട പരിഹാരം സർക്കാർ നൽകുന്നില്ല എന്ന് അദ്ദേഹം ആരോപിച്ചു. കാലാവസ്ഥാ വ്യതിയാനവും പ്രകൃതി ദുരന്തങ്ങളും മൂലം 1000 കോടി രൂപയുടെ നാശ

നഷ്ടമാണ് സംസ്ഥാനത്തെ കാർഷിക മേഖലയിൽ ഉണ്ടായതെന്നും പ്രതിപക്ഷം ചൂണ്ടിക്കാട്ടി.

കാലാവസ്ഥാ വ്യതിയാനം പരിഗണിക്കുന്ന വിധത്തിൽ നയപരമായ മാറ്റം ഉണ്ടാകേണ്ടതുണ്ടെന്നും പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു. ആഗോള താപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയിൽ പ്രതിസന്ധി ഉണ്ടായതായി മന്ത്രി പി. പ്രസാദ് മറുപടിയായി പറഞ്ഞു. ഇതിനെ സർക്കാർ ഗൗരവമായാണ് കാണുന്നതെന്നും കർഷകരെ സഹായിക്കുന്ന നിലപാടാണ് സർക്കാരിന്റേതെന്നും മന്ത്രി വ്യക്തമാക്കി. പ്രകൃതിദുരന്തങ്ങൾ നിമിത്തം ഉണ്ടാകുന്ന പ്രതിസന്ധി മറികടക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും അദ്ദേഹം പറഞ്ഞു. മന്ത്രിയുടെ മറുപടിയെ തുടർന്ന് നടപടികൾ നിർത്തി വയ്ക്കണമെന്ന ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിച്ചു. ഇതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങിപ്പോകുകയായിരുന്നു.

$$$$$$$$$$$$$$$$$$$$

**HEADLINE-4**

**PURI– LPG AUTHENTICATION**

വ്യാജ ഉപഭോക്താക്കളെ നീക്കം ചെയ്യുന്നതിൻറെ ഭാഗമായാണ്, എണ്ണ വിപണന കമ്പനികൾ എൽപിജി ഉപഭോക്താക്കളുടെ ആധാർ അധിഷ്ഠിത തിരിച്ചറിയൽ ഉറപ്പ് വരുത്തുന്നതെന്ന് കേന്ദ്ര പെട്രോളിയം, പ്രകൃതി വാതക മന്ത്രി ഹർദീപ് സിംഗ് പുരി. 8 മാസത്തിലേറെയായി ഈ പ്രക്രിയ നടന്നു വരുന്നതായും അദ്ദേഹം പറഞ്ഞു. ഗ്യാസ് ഏജൻസികളിലെ എൽപിജി മസ്റ്ററിങ്ങിൽ അനുഭവപ്പെടുന്ന തിരക്ക് സാധാരണ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന പ്രതിപക്ഷ നേതാവ് വി ഡി സതീശന്റെ കത്തിന് മറുപടിയായാണ് കേന്ദ്രമന്ത്രി ഇക്കാര്യം പറഞ്ഞത്. മസ്റ്ററിങ്ങിന് സമയപരിധി നിശ്ചയിച്ചിട്ടില്ലെന്നും, ഉപഭോക്താക്കൾക്ക് എണ്ണ വിപണന കമ്പനികളുടെ മൊബൈൽ ആപ്പ് വഴി ഈ പ്രക്രിയ പൂർത്തിയാക്കാൻ സാധിക്കുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി. എൽ.പി.ജി ഡെലിവറിയ്ക്കിടെയും OTP ഉപയോഗിച്ച് മസ്റ്ററിങ്ങ് നടത്താൻ കഴിയും. എൽ.പി.ജി വിതരണ കേന്ദ്രങ്ങളിൽ മസ്റ്ററിങ്ങ് നടത്താൻ നിർദ്ദേശിച്ചിട്ടില്ലെന്നും ശ്രീ ഹർദ്ദീപ് സിങ്ങ് പുരി വ്യക്തമാക്കി. ഉപഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനായി ഇക്കാര്യത്തിൽ എണ്ണ വിതരണ കമ്പനികൾ വ്യക്തത വരുത്തുമെന്നും കേന്ദ്രമന്ത്രി അറിയിച്ചു.

$$$$$$$$$$$$$$$$$$$$$

**J P NADDA**

ബിജെപി സംസ്ഥാന വിശാല നേതൃയോഗത്തിന് തിരുവനന്തപുരത്ത് തുടക്കമായി. മുതിർന്ന ബിജെപി നേതാവും കേന്ദ്ര സഹമന്ത്രിയുമായ ജോർജ് കുര്യൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. ബിജെപി ദേശീയ അദ്ധ്യക്ഷനും കേന്ദ്ര ആരോഗ്യമന്ത്രിയുമായ ജെപി നഡ്ഡ ഇന്ന് സമ്മേളനത്തെ അഭിസംബോധന ചെയ്യും. മുൻ കേന്ദ്രമന്ത്രിമാരായ വി. മുരളീധരൻ, ഒ.രാജഗോപാൽ, പാർട്ടി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ, ദേശീയ നിർവാഹക സമിതി അംഗം പി.കെ കൃഷ്ണദാസ് തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

$$$$$$$$$$$$$$$$$$$$$

**J AND K LOC POONCH**

ജമ്മുകശ്മീരിലെ പൂഞ്ച് ജില്ലയിൽ യഥാർത്ഥ നിയന്ത്രണ രേഖയിൽ പറന്ന പാകിസ്ഥാൻ ഡ്രോണിനു നേരെ ഇന്ത്യൻ സേന വെടിയുതിർത്തു. ഇന്നലെ രാത്രി 9.15 ഓടെയായിരുന്നു സംഭവം. എന്നാൽ ഡ്രോൺ തിരികെ പാകിസ്ഥാൻ മേഖലയിലേക്ക് പറന്നതായാണ് വിവരം. 1,000 മീറ്റർ ഉയരത്തിൽ പറന്ന ഡ്രോണിനു നേരെ സേന അഞ്ച് റൗണ്ട് വെടിവയ്ച്ചു. അരമണിക്കൂറിന് ശേഷം പ്രദേശത്ത് മറ്റ് ഒരു ഡ്രോൺ കൂടെ ഇന്ത്യൻ സേന വെടിവച്ചിടാൻ ശ്രമിച്ചെങ്കിലും പറന്നുയരുകയായിരുന്നു. ഡ്രോൺ, മേഖലയിൽ ആയുധങ്ങളോ മയക്കുമരുന്നുകളോ നിക്ഷേപിച്ചിട്ടുണ്ടോ എന്ന് കണ്ടെത്തുന്നതിന് സേന തിരച്ചിൽ ശക്തമാക്കി. കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്നവർക്ക് മൂന്ന് ലക്ഷം രൂപ പാരിതോഷികവും പ്രഖ്യാപിച്ചു.

$$$$$$$$$$$$$$$$$$$$$

**DELHI POLICE**

അന്താരാഷ്ട്ര അവയവക്കടത്ത് സംഘത്തിൻറെ ഭാഗമായ ഏഴ് പേരെ ഡൽഹി പോലീസ് അറസ്റ്റ് ചെയ്തു. ഒരു വനിതാ ഡോക്ടർ ഉൾപ്പെടെയാണ് പിടിയിലായത്. ബംഗ്ലാദേശ് സ്വദേശിയാണ് റാക്കറ്റിന് നേതൃത്വം നൽകുന്നതെന്ന് പോലീസ് വ്യക്തമാക്കി. 2019 മുതൽ സംഘം പ്രവർത്തിച്ചു വരുന്നതായും പോലീസ് പറഞ്ഞു.

$$$$$$$$$$$$$$$$$$$$

**HEADLINE-5**

**DAY CHEF DE MISSION- PARIS OLYMPICS**

പാരീസ് ഒളിമ്പിക്സിൽ ഷൂട്ടിങ്ങ് താരം ഗഗൻ നാരംഗ് ഇന്ത്യൻ സംഘത്തെ നയിക്കുമെന്ന് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ അധ്യക്ഷ പി.ടി ഉഷ. 2012- ലെ ലണ്ടൻ ഒളിമ്പിക്സിൽ 10 മീറ്റർ എയർ റൈഫിൾ വിഭാഗത്തിലെ വെങ്കല മെഡൽ ജേതാവാണ് ഗഗൻ നാരംഗ്. ബാഡ്മിന്റൺ താരം പി.വി സിന്ധുവും ടേബിൾ ടെന്നീസ് താരം എ ശരത് കമലും ഉദ്ഘാടന ചടങ്ങിൽ ഇന്ത്യൻ പതാകയേന്തും. ഈ മാസം 26 നാണ് പാരീസ് ഒളിമ്പിക്സിന് തുടക്കമാവുക. ഒളിമ്പിക്സിൽ രാജ്യത്തിന് വേണ്ടി മികച്ച നേട്ടം കൈവരിക്കാൻ ഇന്ത്യൻ കായികതാരങ്ങൾക്ക് കഴിയുമെന്ന് ശ്രീമതി പി.ടി ഉഷ ആത്മവിശ്വാസം പ്രകടിപ്പിച്ചു.

$$$$$$$$$$$$$$$$$$$$

**COPA AMERICA**

കോപ്പ അമേരിക്ക ഫുട്ബോൾ സെമി ഫൈനലിൽ അർജൻറീന നാളെ കാനഡയെ നേരിടും. ന്യൂ ജേഴ്സിയിലെ മെറ്റ് ലൈഫ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാവിലെ 5.30 നാണ് മത്സരം. മറ്റന്നാളാണ് യുറുഗ്വേ കൊളംബിയ രണ്ടാം സെമി.

$$$$$$$$$$$$$$$$$$$$

**EURO CUP**

യൂറോ കപ്പ് ഫുട്ബോളിലെ ആദ്യ ഫൈനലിസ്റ്റുകളെ ഇന്നറിയാം. രാത്രി 12.30 ന് നടക്കുന്ന ആദ്യ സെമിയിൽ സ്പെയിൻ - ഫ്രാൻസിനെ നേരിടും. മറ്റന്നാൾ നടക്കുന്ന രണ്ടാം സെമിയിൽ നെതർലൻഡ്സ് - ഇംഗ്ലണ്ടുമായി ഏറ്റുമുട്ടും

$$$$$$$$$$$$$$$$$$$$

**TWENTY-20**

വനിതാ ട്വൻറി - 20 ക്രിക്കറ്റിൽ ഇന്ന് നടക്കുന്ന മൂന്നാമത്തെയും അവസാനത്തെയും മത്സരത്തിൽ ഇന്ത്യ- ദക്ഷിണാഫ്രിക്കയെ നേരിടും. ചെന്നൈയിലെ എം എ ചിദംബരം സ്റ്റേഡിയത്തിൽ രാത്രി ഏഴ് മണിക്കാണ് മത്സരം.

$$$$$$$$$$$$$$$$$$$$

$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$
$$$$$$$$$
$$$$$$